# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5842 30.07.2015 ൽ മറുപടിക്ക്

## കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>,, ബാബു എം. പാലിശ്ശേരി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി, നിലവിലെ സാഹചര്യത്തിൽ എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കാമോ ; | (എ) | ഫാക്ടറി JV/ PPP രീതിയിൽ നിർമ്മിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 239 ഏക്കർ ഭൂമി ഇതിനായി സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്ര സർക്കാർ തീരുമാനിച്ച് പദ്ധതി നിർമ്മാണം ആരംഭിച്ചതിനു ശേഷമേ ഫാക്ടറി എന്നു പൂർത്തിയാകുമെന്ന് അറിയാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തത കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് സമീപകാലത്ത് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2015-16- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, 08.06.2015 ലെ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ 0.63 ഏക്കർ ഭൂമികൂടി റെയിൽ കോച്ച് ഫാക്ടറി നിർമ്മിക്കുന്നതിനായി സെന്റിന് 100 രൂപ പാട്ട നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് നിലവിലെ തടസ്സമെന്തെന്നും പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ? | (സി) | ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്ര സർക്കാർ നിശ്ചയിക്കാത്തതാണ് പ്രധാന തടസ്സം. കൂടാതെ ഫാക്ടറി സ്ഥാപിക്കുന്നതിന് റെയിൽവേ ആവശ്യപ്പെട്ട ഭൂമിയിൽ 92.75 ഏക്കർ വന ഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനും താമസം നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2015-16- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ